(സി) ജില്ലാ ആസ്ഥാനങ്ങളിൽ വർദ്ധിച്ചുവരുന്ന ഗുണ്ടാവിളയാട്ടവും സാമൂഹ്യ വിരുദ്ധ ശല്യവും തടയുന്നതിനും കുറ്റവാളികളെ അമർച്ച ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) ഗുണ്ടാ ആക്രമണം എന്ന പദപ്രയോഗം നിയമദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ സാമൂഹ്യ വിരുദ്ധരുടെ സംഘടിതവും അല്ലാതെയുമുള്ള ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് ഇത്തരക്കാരെ റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും മേൽപ്പടി പ്രവർത്തനങ്ങൾ നടക്കുന്നതായി പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും റസിഡൻഷ്യൽ അസോസിയേഷനുകളുമായി സഹകരിച്ച് പ്രവർത്തിച്ചും നിയമം അനുശാസിക്കും വിധം കേസുകൾ രജിസ്റ്റർ ചെയ്തും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചും സ്ഥിരം കുറ്റവാളികളുടെയും, കൂലിത്തല്ല്, സ്ഥിരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവരുടെ പേരിൽ സി. ആർ. പി. സി. 107, 109, 110 (ഇ. ആന്റ് ജി) പ്രകാരം നല്ല നടപ്പിന് ജാമ്യം വയ്ക്കുന്നതിലേക്ക് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുൻപാകെ റിപ്പോർട്ട് നൽകിവരുന്നുണ്ട്. കുറ്റകൃത്യങ്ങളേയും കുറ്റവാളികളേയും കുറിച്ചുള്ള വിവരങ്ങൾ തൽസമയം തന്നെ ലഭിക്കുന്നതിനായി ജില്ലാ സൂപ്രണ്ട് ഓഫീസുകളിൽ ക്രൈം സ്റ്റോപ്പർ സംവിധാനം പ്രവർത്തിച്ചു വരുന്നു.

(ബി) സംസ്ഥാനത്തു സാമൂഹ്യവിരുദ്ധരെയും ഗുണ്ടാ പ്രവർത്തനം നടത്തുന്നവരെയും നിയന്ത്രിക്കുന്നതിനു വേണ്ടി സാമൂഹ്യവിരുദ്ധ പ്രവർത്തനം (തടയൽ) നിയമം എന്ന പേരിൽ ഒരു നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ജില്ലാ ആസ്ഥാനങ്ങളിലും മറ്റ് നഗരങ്ങളിലും ഫ്ളൈയിംഗ് സ്കാഡ് സംവിധാനം നിലവിലുണ്ട്. എല്ലാ ജില്ലകളിലും കോൾഫ്രീ സൗകര്യത്തിൽ പോലീസ് കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. റോമിയോ എന്ന സൈനോടുകൂടി സാമൂഹ്യ വിരുദ്ധരുടെ ചലനങ്ങളെ കണ്ടെത്തി നിരീക്ഷിക്കുന്നതിനായി മോട്ടോർ സൈക്കിൾ പട്രോളിംഗ് ഏർപ്പെടുത്തി വരുന്നുണ്ട്.

**ഹവാല പണമിടപാട് സംബന്ധിച്ച അന്വേഷണം**

*16 [15] *ശ്രീ. ടി. എം. ജേക്കബ്*:

„ *ജോണി നെല്ലൂർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹവാല പണമിടപാട് സംബന്ധിച്ച് കേരള പോലീസ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയിട്ടുള്ളത്;

(സി) എത്ര കോടി രൂപയുടെ ഇടപാട് നടന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ എത്തിച്ചേർന്ന ഹവാല പണം തീവ്രവാദ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു എന്ന വിവരം പോലീസിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) & (ബി) ഹവാല (അനധികൃത പണം കടത്ത്) കേസ് അടിസ്ഥാനപരമായി ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (FEMA) പ്രകാരമുള്ള സിവിൽ സ്വഭാവമുള്ള കുറ്റമാണ്. ആയതിനാൽ ഇത്തരം കേസുകൾ അന്വേഷണം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആണ്. ഹവാല ഇടപാടുകൾ പ്രകാരം ലഭിച്ച പണത്തെക്കുറിച്ചോ അതിലുൾപ്പെട്ട ആൾക്കാരെക്കുറിച്ചോ ലഭിക്കുന്ന വിവരങ്ങൾ കൂടുതൽ അന്വേഷണത്തിനായി കേന്ദ്ര സർക്കാർ ഏജൻസികളെ ഏൽപ്പിച്ചു വരികയാണ് കേരള പോലീസ് ചെയ്യുന്നത്. 1999-2002 കാലഘട്ടത്തിൽ ദുബായിൽ നിന്ന് മുംബൈയിലേക്ക് ഹവാല രൂപേണയും അവിടെ നിന്ന് കേരളം, കോയമ്പത്തൂർ എന്നിവിടങ്ങളിലേക്ക് ബാങ്കുകൾ വഴിയും 700-ഓളം കോടി രൂപ അയയ്ക്കപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ്. ഈ ഇടപാടുകളിൽ ഉൾപ്പെട്ട 14 പ്രധാന വ്യക്തികളുടെ പേരിൽ കൺസർവേഷൻ ഓഫ് ഫോറിൻ എക്സ്ചേഞ്ച് ആന്റ് പ്രിവൻഷൻ ഓഫ് സ്മഗ്ലിംഗ് ആക്ട് പ്രകാരം വാറണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ മലയാളികളായ ചിലരെ അറസ്റ്റ് ചെയ്തു കഴിഞ്ഞു. മറ്റുള്ളവർ ഒളിവിലാണ്. കൂടാതെ 38 പേരുടെ പേരിൽ അഡ്ജുഡിക്കേഷൻ നോട്ടീസ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് നേരിട്ടെടുക്കാവുന്ന കുറ്റം വല്ലതുമുണ്ടോ എന്ന് ക്രൈംബ്രാഞ്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഹവാല പണം ആത്യന്തികമായി ആർക്കാണ് ലഭിച്ചതെന്നും അത് എന്തിനുവേണ്ടിയാണ് ഉപയോഗിക്കപ്പെട്ടതെന്നും പോലീസ് ഡയറക്ടർ ജനറലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും എ.ഡി.ജി.പി. (ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിലുള്ള ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം നടത്തിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിലേക്കും കോയമ്പത്തൂരിലേക്കും ഉള്ള ബാങ്കുകളിൽ മുംബൈ ബാങ്കുകളിൽ നിന്ന് പണം ട്രാൻസ്ഫർ ചെയ്തത് സംബന്ധിച്ച് മുംബൈ ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 111/02 യു. എസ് 465, 467, 468, 471, 120 (ബി) ഐ. പി. സി. ആർ/ ഡബ്ല്യു 276 സി. 276 സി. സി. ഓഫ് ഇൻകംടാക്സ് ആക്ട് 1961 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് അന്വേഷണം നടത്തുന്ന ക്രൈം 313/ സി. ആർ./ പി. കെ. ഡി /03 യു. എസ്. 409, 467, 477 (എ) 120 (ബി) ഐ. പി. സി. പ്രകാരം 62.32 കോടി രൂപ പിൻവലിച്ചിട്ടുള്ളതായി മനസ്സിലാക്കിയിട്ടുള്ളതുമാകുന്നു.

(ഡി) അനധികൃതമായി കടത്തിക്കൊണ്ട് വന്ന പണം തീവ്രവാദ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തിവരികയാണ്.

## മരുന്നു വാങ്ങുന്നതിനുള്ള സർക്കാരിന്റെ പുതിയ നയം

*17 [16] *ശ്രീ. പി. സി. ജോർജ്:*
*,, ടി. കെ. ദേവകുമാർ:*
*ഡോ. തോമസ് ഐസക്:*
*ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നു വാങ്ങുന്നതിനായി പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മരുന്നുകൾ വാങ്ങുമ്പോൾ അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഇതനുസരിച്ച് എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) മരുന്നു വാങ്ങുന്നതിന് കമ്പനികൾക്ക് മുൻകൂർ പണം നൽകുന്നതിന് പുതിയ നയത്തിൽ വ്യവസ്ഥയുണ്ടോ;

(ഇ) പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്ന കമ്പനികളിൽ നിന്നും പിഴ ഈടാക്കുന്നതിന് പുതിയ നയത്തിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(എഫ്) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്ത കമ്പനികളിൽ നിന്ന് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പിഴ എന്തെങ്കിലും ഈടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഉണ്ട്.

(ബി) 1984 മുതൽ സി. പി. സി. സംവിധാനം പ്രവർത്തിച്ചുവരുന്നു. സി. പി. സി.യുടെ പ്രവർത്തനം സുതാര്യവും ആക്ഷേപരഹിതവും ആക്കി മാറ്റാനും ഗവൺമെന്റിന്റെ മരുന്നു വാങ്ങൽ നയം എന്താണെന്നു പൊതുജനങ്ങൾക്കുകൂടി ബോദ്ധ്യപ്പെടുത്തി കൊടുക്കുവാനുമാണ് പുതിയ നയത്തിനു രൂപം നൽകിയത്. ഗുണനിലവാരമുള്ള മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് കൃത്യമായ

LIBRARY ARCHIVES Kerala Legislative Assembly